പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2916 **29-10-2026-ൽ മറുപടിയ്ക്ക്**

<u>താനൂർ മണ്ഡലത്തിലെ സി.ആർ.ഐ.എഫ് .പ്രപ്പോസൽ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. പി. കെ. നവാസ്

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കേന്ദ്ര സർക്കാരിന്റെ സെൻട്രൽ റോഡ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി. ആർ. ഐ. എഫ്.) പദ്ധതിയുടെ ഭാഗമായി താനൂർ നിയോജകമണ്ഡലത്തിൽ 22 കോടി രൂപ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഫയൽ നമ്പർപി.ഡബ്ള്യു.ഡി -ഡി 2/279/2023-പി.ഡബ്ള്യു.ഡി -പാർട്ട് (1) ന്റെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

<u>മറുപടി:</u> 2025-26 വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ സെൻട്രൽ റോഡ് ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി. ആർ. ഐ. എഫ്.) പദ്ധതിയിൽ 39 പ്രവൃത്തികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകി. ഇതിൽ, 21 പ്രവൃത്തികൾക്ക് 30.09.2026 തീയതിയിലെ സ.ഉ.(സാധാ) നം. 1144/2026/PWD ഉത്തരവ് പ്രകാരവും 17 പ്രവൃത്തികൾക്ക് 27.10.2026 തീയതിയിലെ സ.ഉ.(സാധാ) നം. 1242/2026/PWD ഉത്തരവ് പ്രകാരവും സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ഫയലിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ ഉത്തരവുണ്ടായിട്ടും ഭരണാനുമതി സംബന്ധിച്ച സർക്കാർ ഉത്തരവ് നാളിതുവരെ നൽകാത്തതിന്റെ കാരണവും ആയതിന്റെ കാലതാമസവും വിശദമാക്കാമോ;

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക് എം.എൽ.എ. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ